## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6587 — 04.04.2018-ൽ മറുപടിക്ക്

### കഴക്കൂട്ടം - ചേർത്തല ദേശീയ പാത വികസനം

| ചോദ്യം<br>ശ്രീ.ഹൈബി ഈഡൻ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കഴക്കൂട്ടം - ചേർത്തല ദേശീയ പാതയുടെ വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് ഡി.പി.ആർ. പ്രകാരം സെന്റിന് എന്ത് വിലയാണ് നിശ്ചയിച്ചിട്ടുള്ളത്; | (എ) ദേശീയപാത വികസനത്തിന് സ്ഥലമേറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നൽകുന്നത് എൻ.എച്ച് ആക്ട് പ്രകാരമാണ്. 2013-ലെ RFCTLARR Act 2013 & Amendment (Ordinance 2015) ന്റെ ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാര തുക സംസ്ഥാന സർക്കാർ നിയമിക്കുന്ന CALA -യാണ് നിശ്ചയിക്കുന്നത്. അത് പ്രകാരമുള്ള തുക കേന്ദ്ര മന്ത്രാലയം പദ്ധതി ബാധിതർക്ക് നൽകുന്നതായിരിക്കും. പല സ്ഥലത്തും പലതരം വിലകളാണ് ഉള്ളത്. |
| (ബി) എത്ര ഏക്കർ ഭൂമിയാണ് ഇക്കാര്യത്തിനായി ഏറ്റെടുക്കേണ്ടത്; | (ബി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ വിശദമായ പദ്ധതി രേഖ പ്രകാരം ഏകദേശം 256 ഹെക്ടർ (632.59 ഏക്കർ) സ്ഥലം ഏറ്റെടുക്കാനുണ്ട്. |
| (സി) ഏറ്റെടുക്കുന്ന ഭൂമിക്ക് 2013 ലെ ഭൂമി ഏറ്റെടുക്കലും പുനരധിവാസവും നിയമമനുസരിച്ചുള്ള പ്രതിഫലം വസ്തു ഉടമകൾക്ക് ലഭിക്കുമോ എന്ന് വ്യക്തമാക്കുമോ ; | (സി) ദേശീയപാത വികസനത്തിന് സ്ഥലമേറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നൽകുന്നത് എൻ.എച്ച് ആക്ട് പ്രകാരമാണ്. 2013-ലെ RFCTLARR Act 2013 & Amendment (Ordinance 2015) ന്റെ ഷെഡ്യൂളിൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാര തുക സംസ്ഥാന സർക്കാർ നിയമിക്കുന്ന CALA -യാണ് നിശ്ചയിക്കുന്നത്. അത് പ്രകാരമുള്ള തുക കേന്ദ്ര മന്ത്രാലയം പദ്ധതി ബാധിതർക്ക് നൽകുന്നതായിരിക്കും, |

(ഡി) കഴക്കൂട്ടം ഭാഗത്ത് വസ്തു ഏറ്റെടുക്കു-ന്നതിന് തയ്യാറാക്കിയ അലൈൻ-മെന്റിനെപ്പറ്റി ഉയർന്ന് വന്നിട്ടുള്ള ആക്ഷേപം പരിശോധിച്ച് രണ്ട് ഭാഗത്ത് നിന്നും ഭൂമി ഏറ്റെടുത്ത് റോഡ് വികസി-പ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

(ഡി) ആക്ഷേപം പരിശോധിച്ച് പൊതുജന-ത്തിന് കഴിവതും ബുദ്ധിമുട്ട് കുറഞ്ഞ രീതിയിൽ സ്ഥലമേറ്റെടുക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരം നടപടി എടുക്കുന്ന-തായിരിക്കും.

S. Bindu
സെക്ഷൻ ഓഫീസർ